**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1090** **05.03.2018 ൽ മറുപടിയ്ക്ക്**

## <u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

| **<u>ചോദ്യം</u>**<br>**ശ്രീ.പി.സി. ജോർജ്** | | **<u>മറുപടി</u>**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പൂർത്തീകരിയ്ക്കാൻ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച അടിയന്തര നടപടികളും സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിലുള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 270.83 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയിൻ കീഴിലുള്ള മൊത്തം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 3240 ഹെക്ടർ ഭൂമി ഇനിയും കണ്ടെത്തേണ്ടതുണ്ട്. ആയതിലേക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മുൻപ് നൽകിയ ഭൂമിയിന്മേലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. |
| (ബി) | ഈ പദ്ധതി പ്രകാരം നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതും പാറക്കെട്ടുകൾ നിറഞ്ഞതുമായതിനാൽ, ഭൂമി ലഭിച്ചവരിൽ നല്ലൊരു വിഭാഗം ഭൂമി ഏറ്റെടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച് വഴി സൗകര്യം ഇല്ലായെന്നും വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നും തുടങ്ങി ആക്ഷേപങ്ങൾ മിക്ക ജില്ലകളിലും ഉണ്ടായിട്ടുണ്ട്. കൂടാതെ പ്രാദേശികമായ തർക്കങ്ങൾ കൊണ്ടോ കോടതി കേസുകൾ കൊണ്ടോ ഭൂമി വിട്ടു കൊടുക്കുന്ന കാര്യത്തിൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. പട്ടയവും ഭൂമിയും കൈമാറുന്ന നടപടികൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നുണ്ട്. ഭൂമിയെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ ഓരോന്നായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചു വരികയാണ്. ലിസ്റ്റിൽ സ്ഥാനം പിടിച്ച ശേഷം ഭൂമി വാങ്ങുന്നതിലൂടെയോ സർക്കാരിന്റെ മറ്റ് പദ്ധതികളിലൂടെ ഭൂമി ലഭിക്കുന്നതു മുഖേനയോ പല കുടുംബങ്ങളും അനർഹരായി മാറുന്ന സ്ഥിതി വിശേഷവും നിലവിലുണ്ട്. |
| (സി) | ഇത്തരത്തിൽ ഭൂമി അനുവദിച്ചവർക്ക് പകരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ എന്ന് അറിയിക്കാമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ